**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂൺ 25<br>JUNE 25 | 2018 |
|---|---|

*1193 മിഥുനം 11 തിങ്കൾ*

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**വായനയിലൂടെയാണ് മനുഷ്യൻ പൂർണ്ണനാകുന്നത് : പ്രൊഫ ടി.കെ.ജി നായർ**

വായനയിലൂടെയാണ് മനുഷ്യൻ പൂർണനാകുന്നതെന്ന് ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ ടി.കെ.ജി നായർ പറഞ്ഞു. ജില്ലാ ഭരണകൂടത്തിന്റേയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും ലൈബ്രറി കൗൺസിലിന്റേയും വിവിധ സർക്കാർ വകുപ്പുകളുടേയും ആഭിമുഖ്യത്തിൽ നടന്ന വായനാദിന വാരാഘോഷത്തിന്റെ ജില്ലാതല സമാപനസമ്മേളനം കോന്നി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. വായന ചെറുപ്പത്തിൽ തന്നെ ആരംഭിക്കണം വിഭാഗീയ ചിന്തകളിൽ നിന്നും മുക്തമാകാൻ വായന അനിവാര്യമാണ്. വായനാശീലം പോഷിപ്പിക്കുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്കും വനിതകൾക്കുമായി വായന മത്സരങ്ങൾ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പുതുതലമുറയിൽ വായനാശീലം കുറഞ്ഞ് വരികയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി കെ പറഞ്ഞു. വിദ്യാർത്ഥികൾ വായന ദിനചര്യയുടെ ഭാഗമാക്കണം. പുസ്തകങ്ങൾ ലഭിക്കാൻ ഏറെ ബുദ്ധിമുട്ടിയിരുന്ന പഴയ തലമുറ വായനയെ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു. എന്നാൽ, ഇന്ന് ഇന്റർനെറ്റും നവമാധ്യമങ്ങളും വായനയ്ക്കുള്ള അനന്തസാധ്യതകൾ നൽകുന്നുണ്ടെങ്കിലും അത് ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ലെന്നതാണ് യാഥാർത്ഥ്യമെന്നും അദ്ദേഹം പറഞ്ഞു.

കോന്നി ഗവൺമെന്റ് എച്ച് എസ് എസ് വിദ്യാർത്ഥികൾ തയാറാക്കിയ തനിമ എന്ന കയ്യെഴുത്ത് മാസിക സാമൂഹ്യ പ്രവർത്തക ഡോ എം എസ് സുനിൽ പ്രൊഫ ടി കെ ജി നായർക്കു നൽകി പ്രകാശനം ചെയ്തു.

കോന്നി ഗ്രാമപഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് പ്രവീൺ പ്ലാവിളയിൽ, ജില്ലാ പഞ്ചായത്തംഗം ബിനിലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം റോജി എബ്രഹാം, വാർഡ്മെമ്പർ ടി.സൗദാമിനി, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ആർ.തുളസീധരൻ പിള്ള, എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹൻ, താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പി.വി ജയകുമാർ, വൈസ്പ്രസിഡന്റ് ആർ. പ്രദോഷ്കുമാർ, സെക്രട്ടറി വി.കെ ഗോപാലകൃഷ്ണപിള്ള, കോന്നി ഗവൺമെന്റ് എച്ച്. എസ്.എസ് പ്രിൻസിപ്പൽ എസ്.എസ് ഫിറോസ്ഖാൻ, ഹെഡ്മിസ്ട്രസ് ആർ.ശ്രീലത, എച്ച്.എസ്.എസ് സ്റ്റാഫ് സെക്രട്ടറി പി.രാജി, എച്ച്.എസ് സ്റ്റാഫ് സെക്രട്ടറി കെ.സന്തോഷ്കുമാർ, പി.ടി.എ പ്രസിഡന്റ് എൻ.എസ് മുരളി മോഹൻ, വൈസ് പ്രസിഡന്റ് എൻ .അനിൽകുമാർ, ജില്ലാ ഇ-ഗവേണൻസ് മാനേജർ കെ.ധനേഷ്, രാജൻ പടിയറ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി.മണിലാൽ, അസിസ്റ്റന്റ് എഡിറ്റർ പി. ആർ സാബു, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ കെ.പി. ശ്രീഷ്, ഐടി മിഷൻ കോഓർഡിനേറ്റർ കെ വി ഉഷാകുമാരി തുടങ്ങിയവർ പങ്കെടുത്തു.

വായനവാരാഘോഷത്തോട് അനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്വിസ് മത്സരങ്ങളിൽ വിജയികളായ പത്തനംതിട്ട അമൃത വിദ്യാലയത്തിലെ അതുൽ കൃഷ്ണ, ദേവജിത്ത് പി.ആർ, മാർത്തോമ എച്ച് എസ് എസിലെ വിഷ്ണു നന്ദൻ എസ്, അമൽമോഹൻ എന്നീ വിദ്യാർഥികൾക്കും, വായനദിനത്തോടനുബന്ധിച്ച് വിദ്യാഭ്യാസവകുപ്പ് നടത്തിയ റവന്യൂജില്ലാതലമത്സര വിജയികളായ എസ്. അപർണ, ഹന്നമേരി രെഞ്ജി, അതുല്യ എസ്.കുമാർ, ശ്രേയ സുനിൽ, പൂർണിമ കെ.എസ്, സവ്യ രാജീവ്, എസ്.കൃഷ്ണേന്ദു, ശിശിര സുരേഷ്, ഹിമ .പി.ദാസ്, നന്ദന ശാന്തൻ, സ്നേഹ എസ്.നായർ, ശരൺ കുമാർ, ആർദ്ര വേണുഗോപാൽ, റോഷ്ണി കോശി എന്നീ വിദ്യാർഥികൾക്കും കോന്നി ഗവ.എച്ച്എസ്എസിൽ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച സാഹിത്യക്വിസ് മത്സരത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ സമ്മാനാർഹരായ വിഷ്ണു പ്രസാദ്, ഡൈന വിക്രം, യുപി വിഭാഗത്തിൽ സമ്മാനാർഹരായ എ.ആർഷ, വർഷ സുരേഷ്, എൽ.പി വിഭാഗത്തിൽ സമ്മാനാർഹരായ അഹല്യ റജി, അലീന റോയ് എന്നിവർക്കും പ്രൊഫ. ടികെജി നായർ സമ്മാനങ്ങൾ വിതരണം ചെയ്തു

. കുരീപുഴ ശ്രീകുമാറിന്റെ അമ്മ മലയാളം എന്ന കവിത പത്താം ക്ലാസ് വിദ്യാർഥി ഡൈന വിക്രം ആലപിച്ചു. പ്രശസ്ത സാഹിത്യകാരി കമലദാസിന്റെ നിർമാതളം പൂത്ത കാലം എന്ന പുസ്തകത്തിന്റെ വായാനാനുഭവം പത്താംക്ലാസ് വിദ്യാർഥിനി സായിശ്രീ പങ്കുവെച്ചു. തുടർന്ന് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് നിർമിച്ച വയലാർ രാമവർമ്മ, വായനയുടെ വളർത്തച്ഛൻ എന്നീ ഡോക്യുമെന്ററികളുടെ പ്രദർശനവും നടന്നു. ഇതോടനുബന്ധിച്ച് കോന്നി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ പുസ്തക പ്രദർശനവും സംഘടിപ്പിച്ചു. (പിഎൻപി 1649/18)

## കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ്പിന് ജില്ലയിൽ തുടക്കം

സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ്പിന് ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ചെന്നീർക്കര ഊന്നുകൽ കമ്യൂണിറ്റി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു. ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല അജിത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷ ലീലാ മോഹനൻ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ ബാബു എബ്രഹാം പദ്ധതി വിശദീകരണം നടത്തി. ചെന്നീർക്കര വൈസ്പ്രസിഡന്റ് ജെയിംസ് കെ സാം, ഇലന്തൂർ ബ്ലോക്ക് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.എസ് പാപ്പച്ചൻ, ചെന്നീർക്കര വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ലൗലി വാലുതറയിൽ, ക്ഷേമകാര്യ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സുജാ റെജി, ചെന്നീർക്കര ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ രാധാമണി സുധാകരൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ അംബികാദേവി, ഐസിഡിപി പ്രൊജക്ട് ഓഫീസർ ഡോ എലിസബേത്ത് ഡാനിയേൽ, എഡിസിപി ജില്ലാ കോ-ഓർഡിനേറ്റർ പി.കെ സന്തോഷ്കുമാർ, എപിഒആർഎഎച്ച്സി ഡോ ബിഎൻ ഷാജി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആലീസ് രവി, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

21 പ്രവൃത്തി ദിവസങ്ങളിലായാണ് പ്രതിരോധ കുത്തിവയ്പ്പ് പദ്ധതി നടപ്പാക്കുക. ജില്ലയിലെ മുഴുവൻ ക്ഷീരകർഷകരുടേയും വീടുകൾ സന്ദർശിച്ച് വാക്സിനേഷൻ ടീമുകൾ കന്നുകാലികൾ, എരുമ, പോത്ത്, പന്നി എന്നിവയ്ക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകും. ഇതിനായി ജില്ലയിൽ 110 ടീമുകളെയാണ് നിയോഗിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വെറ്റിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡന്റ് എന്നിവരടങ്ങുന്ന സംഘമാണ് വാക്സിനേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നടത്തുന്നത്. നാല് മാസം മുതൽ പ്രായമുള്ള കന്നുകാലികൾക്കാണ് പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നത്. ഓരോ പ്രതിരോധ കുത്തിവയ്പിനും 10 രൂപ ഈടാക്കും.

വനത്തിൽ മേയാനായി അഴിച്ച് വിടുന്ന കന്നുകാലികൾക്കും വാക്സിനേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പിന് വിധേയമാകുന്ന എല്ലാ വളർത്തുമൃഗങ്ങൾക്കും 12 അക്ക തിരിച്ചറിയൽ ടാഗുകൾ നൽകും. കൂടാതെ മൃഗസംരക്ഷണവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കും ആനുകുല്യങ്ങൾക്കും ചികിത്സയ്ക്കുമായുള്ള മൃഗങ്ങളുടെ ജിയോ മാപ്പിംഗും ഇതിനോടൊപ്പം നടത്തുന്നുണ്ട്. ഇതിനായി കർഷകരുടെ ആധാർ നമ്പർ, പൂർണ വിവരങ്ങൾ, ഫോൺനമ്പർ, മൃഗങ്ങളുടെ വിശദവിവരങ്ങൾ, മൃഗങ്ങളുടെ ടാഗ് നമ്പർ എന്നിവ ശേഖരിക്കും. പഞ്ചായത്ത് വകുപ്പ്, ക്ഷീരവികസന വകുപ്പ്, വനംവകുപ്പ്, റവന്യൂവകുപ്പ്, ക്ഷീരസംഘങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മൃഗങ്ങൾക്ക് കുത്തിവയ്പ്പ് നൽകുന്നത് നിരസിക്കുന്ന കർഷകരുടെ വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യും. (പിഎൻപി 1650/18)

**ബോധവൽക്കരണ ക്ലാസ് നടത്തി**

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റേയും പൈനാമൺ കൈരളി കലാകായിക വേദിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ മഞ്ഞപ്പിത്തം, ജലജന്യരോഗങ്ങൾ, എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി. മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്യപ്പെട്ട കോന്നി പഞ്ചായത്തിലെ കോന്നി കുപ്പക്കര മേഖലയിലുള്ള സെന്റ് ജൂഡ് ചർച്ച് ഓഡിറ്റോറിയത്തിലാണ് ക്ലാസ് സംഘടിപ്പിച്ചത്. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ ഉദ്ഘാടനം ചെയ്തു. കൈരളി ക്ലബ് പ്രസിഡന്റ് വി.പി വിഷ്ണുകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വാർഡ് അംഗം കെ.കെ മോഹനൻ, പള്ളിവികാരി ഫാദർ ബ്രൈറ്റ് മാത്തൻ കുന്നേൽ, ക്ലബ് ഭാരവാഹികളായ വിപിൻ വേണു , നിതിൻ മോഹൻ തുടങ്ങിയവർ പങ്കെടുത്തു. ഡെപ്യൂട്ടി മാസ്മീഡിയ ഓഫീസർമാരായ ടി.കെ അശോക് കുമാർ, എ സുനിൽകുമാർ എന്നിവർ ബോധവൽക്കരണക്ലാസ് നയിച്ചു. പരിപാടിയോട് അനുബന്ധിച്ച് ഹ്രസ്വചിത്ര പ്രദർശനവും നടന്നു.

(പിഎൻപി 1651/18)

**മരംലേലം**

കൂടൽ വില്ലേജിൽ മുറിഞ്ഞകൽ ജംഗ്ഷന് സമീപം പുനലൂർ, പൊൻകുന്നം റോഡിന്റെ ഇടതുവശത്ത് വെട്ടിയിട്ടിരിക്കുന്ന രണ്ട് മാവ്, ഗുരുമന്ദിരത്തിന് സമീപം റോഡിന്റെ വലത് വശത്ത് നിൽക്കുന്ന ബദാംമരം എന്നിവ ജൂലൈ അഞ്ചിന് രാവിലെ 11.30 ന് പൊൻകുന്നം കെ.എസ്.ടി.പി ഡിവിഷൻ ഓഫീസ് പരിസരത്ത് പരസ്യമായി ലേലം ചെയ്യും.

(പിഎൻപി 1652/18)

**ആറന്മുള വള്ളസദ്യ നിർവഹണസമിതി യോഗം ചേർന്നു**

ആറന്മുള വള്ളസദ്യകളുടെ നിർവഹണത്തിന് മേൽനോട്ടം വഹിക്കുന്നതിന് വള്ളസദ്യ നിർവഹണ സമിതി രൂപീകരിച്ചു. ദേവസ്വം പ്രതിനിധികളും പള്ളിയോടസേവാസംഘവും ഭക്തജന പ്രതിനിധികളും ഉൾപ്പെട്ടതാണ് വള്ളസദ്യ നിർവഹണ സമിതി. പള്ളിയോട സേവാസംഘം പ്രസിഡന്റ് ബി. കൃഷ്ണകുമാർ കൃഷ്ണവേണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ വർഷത്തെ വള്ളസദ്യകൾ പരാതിരഹിതമായും ആചാരങ്ങൾ പാലിച്ചും നടത്തുന്നതിന് തീരുമാനിച്ചു. പള്ളിയോട സേവാസംഘം പ്രസിഡന്റ് ബി. കൃഷ്ണകുമാർ കൃഷ്ണവേണി പ്രസിഡന്റും സെക്രട്ടറി പി.ആർ രാധാകൃഷ്ണൻ വള്ളസദ്യ നിർവഹണ സമിതിയുടെ കൺവീനറുമാണ്. ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്.അജിത്ത്കുമാർ, അസിസ്റ്റന്റ് കമ്മിഷണർ എൻ.രാജീവ് കുമാർ, ക്ഷേത്ര ഉപദേശകസമിതി സെക്രട്ടറി കെ.കെ രാജൻ, കെ.ഹരിദാസ് കടമ്മനിട്ട, ജഗൻമോഹൻദാസ് എന്നിവരാണ് വള്ളസദ്യ നിർവഹണസമിതി അംഗങ്ങൾ. സെപ്റ്റംബർ രണ്ടിനാണ് അഷ്ടമിരോഹിണി വള്ളസദ്യ.

(പിഎൻപി 1653/18)

**വാഹനലേലം മാറ്റി**

പത്തനംതിട്ട എക്സൈസ് ഡിവിഷനിൽ വിവിധ അബ്കാരികേസുകളിൽപ്പെട്ട് കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് ഈ മാസം 29 ന് നടത്താനിരുന്ന ലേലം മാറ്റിവച്ചു. ഈ വാഹനങ്ങളുടെ ലേലം എം.എസ്.ടി.സി വഴി ഓൺലൈനായി നടത്തുമെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ അറിയിച്ചു. (പിഎൻപി 1654/18)

**ആയുർവേദ ഏജൻസി**

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ ആയുർധാരയിലെ ആയുർവേദ ഉത്പന്നങ്ങൾ, ട്രൈഫെഡിന്റെ ഉത്പന്നങ്ങൾ, കരകൗശല ഉത്പന്നങ്ങൾ, വനവിഭവങ്ങൾ മുതലായവ വിൽക്കുന്നതിന് ജില്ലാ/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി /പഞ്ചായത്ത് തലങ്ങളിൽ ഹോൾസെയിൽ / റീട്ടെയിൽ ഔട്ട്ലെറ്റുകൾ എടുക്കുന്നതിന് താത്പര്യമുള്ളവർ കേരളസംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷൻ, പേരൂർക്കട, തിരുവനന്തപുരം 695005 എന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കണം. ഫോൺ. 04872354851. (പിഎൻപി 1655/18)

**ഹോമിയോ മെഡിക്കൽ ക്യാമ്പ്**

ഹോമിയോപ്പതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെന്നീർക്കര പഞ്ചായത്തിലെ വിവിധ വാർഡുകളിൽ രോഗപ്രതിരോധ ബോധവൽക്കരണ ക്ലാസുകളും പ്രതിരോധ ഔഷധവിതരണവും നടത്തുന്നു. ഒന്നാം വാർഡിലേത് നാളെ(27)രാവിലെ പത്തിന് മുട്ടത്തുകോണം ജനതാവായനശാലയിലും 10,11,12 വാർഡുകളിലേത് 29 ന് രാവിലെ പത്തിന് ചെന്നീർക്കര എം.ടി.എൽ.പി സ്കൂളിലും 2,3 വാർഡുകളിലേത് ജൂലൈ നാലിന് രാവിലെ പത്തിന് പ്രക്കാനം സന്തോഷ് ക്ലബ്ബിലും നാലാം വാർഡിലേത് ജൂലൈ അഞ്ചിന് രാവിലെ പത്തിന് മുട്ടുകുടുക്ക സാംസ്കാരിക നിലയത്തിലും 5,6 വാർഡുകളിലേത് ജൂലൈ ആറിന് രാവിലെ പത്തിന് കോടമ്പുറി അംഗൻവാടിയിലും ഒൻപതാം വാർഡിലേത് ജൂലൈ 11 ന് രാവിലെ പത്തിന് മാത്തൂർ ജി.യു.പി.എസിലും പതിനാലാം വാർഡിലേത് ജൂലൈ പതിമൂന്നിന് രാവിലെ 10ന് നല്ലാനിക്കുന്ന് അംഗൻവാടിയിലും നടക്കും.

(പിഎൻപി 1656/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) ജില്ലാ ഭരണകൂടത്തിന്റേയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും ലൈബ്രറി കൗൺസിലിന്റേയും വിവിധ സർക്കാർ വകുപ്പുകളുടേയും ആഭിമുഖ്യത്തിൽ നടന്ന വായനാദിന വാരാഘോഷത്തിന്റെ ജില്ലാതല സമാപനസമ്മേളനം കോന്നി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. ടി.കെ.ജി നായർ ഉദ്ഘാടനം ചെയ്യുന്നു.

2) ജില്ലാ ഭരണകൂടത്തിന്റേയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും ലൈബ്രറി കൗൺസിലിന്റേയും വിവിധ സർക്കാർ വകുപ്പുകളുടേയും ആഭിമുഖ്യത്തിൽ നടന്ന വായനാദിന വാരാഘോഷത്തിന്റെ ജില്ലാതല സമാപനസമ്മേളനത്തിന്റെ ഭാഗമായി കോന്നി ഗവ. ഹയർസെക്കൻഡറി സ്കൂളിലെ നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനം.

3) കുളമ്പുരോഗ പ്രതിരോധകുത്തിവയ്പ്പ് പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ചെന്നീർക്കര ഊന്നുകൽ കമ്യൂണിറ്റി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കുന്നു.

4) പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിന്റേയും പൈനാമൺ കൈരളി കലാകായിക വേദിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ കോന്നി കുപ്പക്കര സെന്റ് ജൂഡ് ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ ഉദ്ഘാടനം ചെയ്യുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| | |
|---|---|
| ജൂൺ 25<br>JUNE 25 | 2018 |

*1193 മിഥുനം 11 തിങ്കൾ*

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**റേഷൻ കാർഡ് അപേക്ഷകൾ: കാലപരിധി നിശ്ചയിച്ചിട്ടില്ല**

റേഷൻ കാർഡ് സംബന്ധമായ അപേക്ഷകൾ നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ലെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. സപ്ലൈ ഓഫീസിലെ തിരക്കുമൂലമാണ് ആഴ്ചയിലെ ഓരോ ദിവസവും ഓരോ പഞ്ചായത്തുകൾക്കായി നിശ്ചയിച്ചിരിക്കുന്നത്. പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷകൾക്കൊപ്പം എല്ലാ അംഗങ്ങളുടേയും ആധാർ വിവരങ്ങളും നൽകുന്നതിന് ശ്രദ്ധിക്കണം. (പിഎൻപി 1657/18)

**അന്തർദേശീയ മയക്കുമരുന്ന്- മനുഷ്യക്കടത്ത്**
**വിരുദ്ധ വാരാചരണം ഉദ്ഘാടനം ഇന്ന്(26)**

വനിതാ ശിശു വികസന വകുപ്പ് - ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വകുപ്പ്, കോന്നി എം.എം എൻഎസ്എസ് കോളജ് എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്തർദേശീയ മയക്കുമരുന്ന്-മനുഷ്യക്കടത്ത് വിരുദ്ധ വാരാചരണം ഇന്ന്(26) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വീണാ ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്യും.ജൂൺ 26 മുതൽ ജൂലൈ രണ്ടു വരെയാണ് വാരാചരണം.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കും. എഡിഎം പിടി എബ്രഹാം, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എ.ഒ. അബീൻ, സി ഡബ്ല്യു സി ചെയർപേഴ്സൺ സൂസമ്മ മാത്യു, ജില്ലാ സാമൂഹിക നീതി ഓഫീസർ എൽ. ഷീബ, എം.എം.എൻഎസ്എസ്

കോളജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് മേധാവി സി. വർഗീസ്, സാമൂഹിക പ്രവർത്തകൻ ഷാൻ രമേശ് ഗോപൻ തുടങ്ങിയവർ പ്രസംഗിക്കും. തുടർന്നു നടക്കുന്ന സംവാദത്തിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സബ് ജഡ്ജ് ആർ. ജയകൃഷ്ണൻ, വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ. ഗോപി, നാർക്കോട്ടിക് സെൽ ഡിവൈഎസ്പി ആർ. പ്രദീപ്, വിമുക്തി ജില്ലാ കോ-ഓർഡിനേറ്റർ ബി. ഷാജിമോൻ തുടങ്ങിയവർ പങ്കെടുക്കും.

ഇന്ന് (26) രാവിലെ 9.30ന് പത്തനംതിട്ട നഗരസഭ ഓപ്പൺ സ്റ്റേജിൽ ലഹരി വിമുക്ത ബാല്യം വാഹന പ്രചാരണ യാത്രയും തെരുവ് നാടകവും നടക്കും. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സബ് ജഡ്ജ് ആർ. ജയകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്യും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. റ്റി.കെ.ജി നായർ അധ്യക്ഷത വഹിക്കും.ഇന്നും(26), നാളെയും(27) ജില്ലയിലെ പ്രധാന 15 കേന്ദ്രങ്ങളിൽ വാഹന പ്രചാരണ യാത്രയും തെരുവ് നാടകവും അവതരിപ്പിക്കും. ജില്ലയിലെ എല്ലാ സ്കൂളുകളിലും ഇന്ന്(26) ലഹരി വിരുദ്ധ പ്രതിജ്ഞയും ബോധവത്കരണ വീഡിയോ പ്രദർശനവും നടക്കും.

28മുതൽ ജൂലൈ രണ്ടുവരെ യേസ് ടു ഫുട്ബോൾ, നോ ടു ഡ്രഗ്സ് ക്യാമ്പയിൻ നടക്കും. ഇതിന്റെ ഉദ്ഘാടനം 28ന് രാവിലെ 10ന് പത്തനംതിട്ട മാർത്തോമ്മ ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാ പോലീസ് മേധാവി ടി. നാരായണൻ നിർവഹിക്കും. കിക്കോഫ് മത്സരം, പോസ്റ്റർ പ്രദർശനം, ക്വിസ് പ്രോഗ്രാം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടക്കും.

(പിഎൻപി 1658/18)

## പനി: 651 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (25) 651 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. രണ്ടു പേർക്ക് ഹെപ്പിറ്റൈറ്റിസ് ബിയും ഏഴു പേർക്ക് ചിക്കൻപോക്സും ഒരാൾക്ക് ഡങ്കിയും സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 108 പേർ ചികിത്സ തേടി.

(പിഎൻപി 1659/18)

## ദുബായിൽ എം.ആർ.ഐ ടെക്നീഷ്യൻ നിയമനം

ദുബായിലെ എമിറേറ്റ്സ് സ്പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് എം.ആർ.ഐ / സി.റ്റി ടെക്നീഷ്യൻ നിയമനത്തിന് വനിതകളിൽനിന്ന് നോർക്ക റൂട്ട്സ് അപേക്ഷ ക്ഷണിച്ചു.
28നും 35നും മധ്യെ പ്രായവും റേഡിയേഷൻ ടെക്നോളജിയിൽ ബി.എസ് ബിരുദവുമുള്ള വനിതകൾക്ക് അപേക്ഷിക്കാം. അവസാന തീയതി ജൂൺ 28. ശമ്പളം 8000 ദിനാർ. കൂടുതൽ വിവരങ്ങൾ 1800 425 3939 എന്ന ഫോൺ നമ്പരിലോ www.norkaroots.net എന്ന വെബ്സൈറ്റിലോ ലഭിക്കും. (പിഎൻപി 1660/18)

## ന്യൂനപക്ഷകമ്മിഷൻ സിറ്റിംഗ് നടത്തി

ന്യൂനപക്ഷകമ്മിഷൻ അംഗം അഡ്വ:ബിന്ദു.എം.തോമസ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിംഗിൽ പുതുതായി ഒരു പരാതി ലഭിച്ചു. ഇതുൾപ്പെടെ നാല് കേസുകൾ ആഗസ്റ്റ് രണ്ടിന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുന്ന അടുത്ത സിറ്റിംഗിൽ പരിഗണിക്കും. (പിഎൻപി 1661/18)

## ഫോട്ടോ അടിക്കുറിപ്പ്

5) ന്യൂനപക്ഷകമ്മിഷൻ അംഗം അഡ്വ:ബിന്ദു.എം.തോമസ് കളക് ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ സിറ്റിംഗിൽ പരാതി കേൾക്കുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്